# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *354

10/04/2013 - ലെ മറുപടിയ്ക്ക്

## കർഷകരുടെ ഡാറ്റാബേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. പി. എ. മാധവൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകരുടെ ഡാറ്റാബേസ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, വിശദമാക്കുമോ; | (എ) കർഷക രജിസ്ട്രേഷൻ പദ്ധതിവഴി സംസ്ഥാനത്തെ കർഷകരുടെ ഡാറ്റാബേസ് തയ്യാറാക്കി വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് : വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കർഷക രജിസ്ട്രേഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) പഞ്ചായത്ത് തലത്തിൽ എല്ലാ കർഷകരുടേയും ഒരു ഡാറ്റാബേസ് തയ്യാറാക്കുക.<br>2) ഇപ്രകാരം തയ്യാറാക്കുന്ന ഡേറ്റാബേസിന്റെ അടിസ്ഥാനത്തിൽ വിവിധ കാർഷിക പദ്ധതികൾക്ക് രൂപം നൽകുക, പദ്ധതികൾക്ക് അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക.<br>3) വിവിധ കാർഷിക പദ്ധതികളുടെ സബ്സിഡി തുക ഓരോ കർഷകന്റെയും ബാങ്ക് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ നൽകുക.<br>4) ഫീൽഡ്തലത്തിലെ ഉദ്യോഗസ്ഥരുടെ ജോലി സമയം കാർഷിക വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുക.<br>5) കാർഷിക പദ്ധതികളുടെ നിർവ്വഹണം, സബ്സിഡി വിതരണം എന്നിവ കൂടുതൽ സുതാര്യമായും വേഗത്തിലും കാര്യക്ഷമമായും നടപ്പാക്കുക.<br>6) സബ്സിഡി വിതരണത്തിലെ കാലതാമസം ഒഴിവാക്കുക. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികൾ വഴി യാണ് ഇതു നടപ്പാക്കുന്നത്; വിശദമാക്കുമോ; | (സി) | കൃഷി വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. എന്നാൽ സോഫ്റ്റ് വെയർ സംബന്ധമായ പ്രവർത്തനങ്ങൾക്ക് വേണ്ടി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.), കർഷകരെ സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈനായി ഡേറ്റാബേസിൽ എന്റർ ചെയ്യുന്നതിനായി 'അക്ഷയ' എന്നീ ഏജൻസികളെ ചുമതലപ്പെടുത്തിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഒന്നാം ഘട്ടത്തിൽ വയനാട് ജില്ലയിലെ കർഷകരുടെ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. തുടർന്ന് സംസ്ഥാനത്തുടനീളം പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും കൃഷി ഭവൻ മുഖേന കർഷക രജിസ്ട്രേനു വേണ്ടിയുള്ള അപേക്ഷ ഫോമുകൾ സ്വീകരിക്കുകയും ചെയ്തു.<br><br>രണ്ടാം ഘട്ടത്തിൽ കൃഷി ഭവനുകൾ മുഖേന സ്വീകരിച്ച കൃഷിക്കാരുടെ അപേക്ഷകൾ 'അക്ഷയ' കേന്ദ്രങ്ങൾക്ക് കൈമാറി അപേക്ഷയിലെ വിവരങ്ങൾ ഓൺലൈനായി എന്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. 03/04/2013 വരെ 7,19,074 അപേക്ഷകൾ ഓൺലൈനായി എന്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 14,69,041 കർഷകർ കർഷക രജിസ്ട്രേഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ